## കത്തുകൾ




# ദൈവത്തിന്റെ അർഥശാസ്ത്രം

**ആൾ** എന്നതുകൊണ്ട് അർഥമാക്കുന്നത് മനുഷ്യനെയാണെങ്കിൽ ആൾദൈവം എന്ന പദം സമാനതകളില്ലാത്ത വൈരുധ്യം നിറഞ്ഞതാണ്. സർവ സംരക്ഷകനും പരിപാലകനുമായ ദൈവത്തോട്, തന്റെ തന്നെ സൃഷ്ടിയായ മനുഷ്യനെ ചേർത്തുപറയുന്നതിൽ തീർച്ചയായും യുക്തിഭംഗമുണ്ട്. 'സ്വാമി' എന്ന പദത്തിലും ഈ അപകടം ഒളിഞ്ഞിരിക്കുന്നു. യജമാനൻ എന്നാണ് പ്രസ്തുത വാക്കിന്റെ അർഥം. സാക്ഷാൽ യജമാനൻ അല്ലാഹു മാത്രമായിരിക്കെ മനുഷ്യനെ ആ പദംകൊണ്ട് വിവക്ഷിക്കാമോ? ബഹുമാനം എത്ര വർധിച്ചാലും അത് യജമാനസ്ഥാനം വരെ ഉയർത്താമോ? 'സ്വാമി' സന്യാസിയല്ല. സത്യത്തെ വിന്യസിക്കുന്നവനാണ് സന്യാസി. സത്യമെന്നാൽ സത്തായത് എന്ന് അർഥം. 'സത്ത' ലോകത്തിന്റെ സത്തതന്നെ. അർഥം ഗ്രഹിക്കാതെയും സൂക്ഷ്മത കൂടാതെയും ജനം പദങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വരുന്ന അർഥസ്ഖലിതങ്ങൾ, ചിന്താഗതിയെ മോശമായി ബാധിക്കും. വിശ്വാസത്തെ തെറ്റിദ്ധാരണയിലാക്കും. അത്തരമൊരു പതനത്തിന്റെ പാതാളത്തിലാണ് കേരളീയ സമൂഹം.

'പൂജിക്കുക' എന്ന പദം 'ബഹുമാനിക്കുക' എന്നതിനപ്പുറത്തേക്ക് നീങ്ങിയത് നാം മനസ്സിലാക്കാതെ പോവുകയാണ്. 'ദൈവത്തെ തള്ളിക്കളഞ്ഞവർ മനുഷ്യദൈവങ്ങളുടെ വലിയ ആരാധകരായിരിക്കുന്നു' എന്ന് സോവിയറ്റ് റഷ്യയിലെ മെയ് ദിനാഘോഷം കണ്ടുമടങ്ങിയ വി. ആർ കൃഷ്ണയ്യർ എഴുതിയത് (സോവിയറ്റ് പനോരമ) അത് തിരിച്ചറിഞ്ഞതിനാലാണ്. എങ്ങും നിറമാല ചാർത്തിയ ലെനിൻ ചിത്രങ്ങൾ. മങ്ങുന്നതനുസരിച്ച് പൂമാലകൾ മാറി ചാർത്തുന്ന എത്ര പൂജകളാണ് പാർട്ടി ഓഫീസുകളിൽ നടക്കുന്നത്. അത് തെറ്റാണെന്ന് മനസ്സിലാക്കാത്തവർ സ്വന്തം വീട്ടിൽ മറ്റു ചില ചിത്രങ്ങളും കൂട്ടത്തിൽ കൂട്ടും. ദൈവസങ്കൽപങ്ങൾ അട്ടിമറിക്കപ്പെടുന്നതിന്റെ ഒരു മാതൃക മാത്രമാണിത്. ഇ.എം.എസ് അന്തരിച്ചപ്പോൾ, കേരളത്തിലുടനീളം പ്രദർശിപ്പിച്ച അദ്ദേഹത്തിന്റെ ചിത്രത്തിനു താഴെ 'പാവങ്ങളുടെ ദൈവം അന്തരിച്ചു' എന്ന് എഴുതി വെച്ചതാണ് മറ്റൊരു മാതൃകാ തെറ്റ്. ഇതിൽ 'ദൈവം' കടന്നുവന്നത്, ദൈവാധീനമുണ്ടെങ്കിൽ നമ്മുടെ പരിപാടിക്ക് മഴ പെയ്യില്ല എന്ന് ഒരു യുക്തിവാദി പറയുന്നതുപോലെ അപഹാസ്യമാണ്. ഭൗതിക പ്രത്യയശാസ്ത്രക്കാർ വരെ ഇങ്ങനെ 'ദൈവോത്സുകത' കാണിക്കുമ്പോൾ അപരന്മാരെ പഴിക്കുന്നതിൽ എന്ത് അർഥം.

കീഴ്മേൽ മറിക്കപ്പെട്ട മറ്റൊരു പദമാണ് 'സിദ്ധൻ' എന്നത്. സിദ്ധിയുള്ളവൻ സിദ്ധൻ. കഴിവാണ് സിദ്ധി. ആ അർഥത്തിൽ മിക്കവരും സിദ്ധന്മാർ തന്നെ. എന്നാൽ അതിൽ ആത്മീയത കലർന്നത് എങ്ങനെയെന്ന് മനസ്സിലാകുന്നില്ല. പ്രത്യേകിച്ച് അദൃശ്യകാര്യങ്ങൾ അറിയാൻ അല്ലാഹുവിനല്ലാതെ ആർക്കും കഴിവില്ലാതിരിക്കെ. വെള്ളത്തിലൂത്തും ചരടിലോത്തും നടത്തുന്ന സാമൂഹിക വിരുദ്ധനെ സിദ്ധൻ എന്നു തന്നെ വിളിക്കണമെന്ന് ആർക്കാണ് നിർബന്ധം. സാക്ഷാൽ ഈശ്വരനും മനുഷ്യനും തമ്മിലുള്ള നേർധാരാ ബന്ധത്തിന് ഉറുക്കും ചരടും കെട്ടി തടസ്സം സൃഷ്ടിക്കുന്ന ഇവർക്ക് 'ആത്മീയ' പരിവേഷം നൽകൽ ശുദ്ധ വിവരക്കേടാണ്. മനഃസ്ഥിതി മാറ്റിയാണ് വ്യവസ്ഥിതി മാറ്റേണ്ടത്. പ്രവാചകന്മാർ ചെയ്തത് അതാണ്.

അവതാരങ്ങളുടെ ആധിക്യം കൊണ്ട് വഴിനടക്കാൻ കഴിയാതെയായിരിക്കുന്നു കേരളത്തിൽ. എത്ര തീർഥാടന കേന്ദ്രങ്ങളാണ് ഉരുവെടുത്തത്. എല്ലാം വ്യക്തികേന്ദ്രീകൃത സ്ഥാപനങ്ങൾ. അവിടം സന്ദർശിച്ചാൽ പുണ്യമാണെന്നും മോക്ഷം സാധ്യമാണെന്നും തെറ്റിദ്ധരിച്ചവരാണ് അവിടേക്ക് ഒഴുകുന്നത്. യഥാർഥ രക്ഷ ഏതാണെന്ന് ബോധ്യപ്പെടുത്താൻ നിയോഗിതരായിരിക്കുന്ന സമൂഹത്തിന്റെ ജാഗ്രതക്കുറവ് ഈ വിഷയത്തിൽ പ്രകടമാണ്.

ആത്മാവുമായി ബന്ധമുള്ളതാണ് ആത്മീയത. മനസ്സാക്ഷിയുടെ ദൈവത്തോടുള്ള തേട്ടമാണത്. ഹൃദയത്തെ വിമലീകരിക്കാൻ ദൈവം നിക്ഷേപിച്ച അന്തഃകരണ ചോദനയാണ് അതിന്റെ ജീവൻ. അതിന്റെ വിഹിതം വെക്കലാണ് യഥാർഥ ജീവിതം. മതം അതാണ്; അതാകണം.

**സജീദ്ഖാൻ പനവേലിൽ**

## മുസ്‌ലിം സംഘടനകളും ബഹുജന സ്വീകാര്യതയും

**'ഇസ്‌ലാമിക** പ്രസ്ഥാനങ്ങൾ ബഹുജനാടിത്തറ വിപുലീകരിക്കുമ്പോൾ' എന്ന കവർ സ്റ്റോറി (ലക്കം 48) കാലിക പ്രസക്തമായി. ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രത്തെ വിസ്മരിച്ചുകൊണ്ട് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ബഹുജനാടിത്തറകൾ വിപുലീകരിക്കാൻ സാധിക്കുകയില്ല. സമസൃഷ്ടികളെ അവഗണിച്ചുകൊണ്ട് മുന്നോട്ടു പോയ ഒരു സമൂഹവും ചരിത്രത്തിൽ അതിന്റെ യഥാർഥ ലക്ഷ്യത്തിൽ എത്തിയിട്ടില്ല. ഇന്ത്യയെപോലുള്ള നാടുകളിൽ ഒരു ഇസ്‌ലാമിക പ്രസ്ഥാനം എങ്ങനെയാണ് പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടത് എന്ന് ചൂണ്ടിക്കാട്ടുന്നു കെ.ടി ഹുസൈന്റെ ലേഖനം. മുസ്‌ലിം സംഘടനാ നേതൃത്വങ്ങൾ വളരെ ഗൗരവത്തോടെ പഠിക്കേണ്ട വിഷയമാണ് ബഹുജന സ്വീകാര്യത എങ്ങനെ നേടാം എന്നത്. ശാഖാപരമായ വിഷയങ്ങളിൽ തർക്കിച്ച് സമയം കളയുന്നതിനു പകരം ആഗോള ഇസ്‌ലാമിക സംഘടനാ സംവിധാനങ്ങൾ എങ്ങനെയാണ് മുന്നോട്ടു പോകുന്നതെന്നും അവയുടെ ബഹുജന പങ്കാളിത്തം എത്രത്തോളമുണ്ടെന്നും നമ്മുടെ രാഷ്ട്രത്തിൽ ബഹുജന പങ്കാളിത്തം എങ്ങനെ നേടിയെടുക്കാമെന്നും ഗൗരവത്തിൽ ചിന്തിക്കുകയും പഠിക്കുകയും ചെയ്യേണ്ടതുണ്ട്.

**സൈഫ് വളാഞ്ചേരി**

# ഖുർആൻ 'ഓതാ'നും 'ഊതാ'നും മാത്രമോ?

**അർഥമറിയാതെയുള്ള** ഖുർആൻ പാരായണത്തെക്കുറിച്ച് ഇ.എൻ ഇബ്റാഹീം ചെറുവാടിയും എം.എ അബ്ദുസ്സലാം കൊടിയത്തൂരും എഴുതിയ കത്തുകൾ (മെയ് 10) വായിച്ചു. ഖുർആന്റെ മാർഗനിർദേശങ്ങൾ ജീവിതത്തിൽ പകർത്തണമെങ്കിൽ അതിന്റെ അർഥം അറിഞ്ഞേ മതിയാവൂ. ധാരാളം പരിഭാഷകൾ ലഭിക്കുന്ന ഇക്കാലത്ത് അർഥമറിഞ്ഞ് ഖുർആൻ പാരായണം ചെയ്യുന്നതിന് പ്രായോഗിക തടസ്സങ്ങൾ ഒന്നും തന്നെയില്ല. കത്തുകളിൽ സൂചിപ്പിച്ചതുപോലെ അർഥമറിയാത്ത ഖുർആൻ പാരായണങ്ങളിൽ പോലും വിശ്വാസിക്ക് ദൈവിക വചനങ്ങളുമായുള്ള വൈകാരിക ബന്ധം അന്ധമായ ഒരു വികാരമാണെങ്കിൽ, താൻ പാരായണം ചെയ്യുന്ന വചനങ്ങളുടെ അന്തഃസത്ത ഉൾക്കൊള്ളാൻ വിശ്വാസിക്ക് കഴിഞ്ഞാൽ ഈ വികാരം കൂടുതൽ തീക്ഷ്ണവും ദൃഢവുമാകുമെന്നതിന് ഒരു സംശയവുമില്ല.

ഇതര ആചാരവത്കൃത മതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിന്റെ പ്രത്യേകത അതിന്റെ എല്ലാ ആരാധനാ കർമങ്ങളും നിശ്ചിത ഉദ്ദേശ്യലക്ഷ്യങ്ങളോടെ നിർവഹിക്കപ്പെടുന്നു എന്നതാണ്. നമസ്കാരം നിർവഹിക്കുന്നത് വെറും പുണ്യത്തിനോ കൂലിക്കോ വേണ്ടിയല്ല. അല്ലാഹു പറയുന്നു: 'നമസ്കാരം മനുഷ്യനെ തിന്മയിൽനിന്നും മ്ലേഛതയിൽനിന്നും തടയുന്നു'. അങ്ങനെയല്ലാത്ത നമസ്കാരക്കാർക്കാണ് നാശം എന്നും ഖുർആൻ ഓർമിപ്പിക്കുന്നു. മ്ലേഛതയിൽനിന്നും തിന്മയിൽനിന്നും മനുഷ്യനെ തടയുന്നുവെന്നതാണ് നമസ്കാരത്തിന്റെ പുണ്യം. ഈ പുണ്യം ലഭിച്ചവനേ പരലോക മോക്ഷമുള്ളൂ. ഒരാളുടെ നമസ്കാരം അയാളെ തിന്മയിൽനിന്നും മ്ലേഛതയിൽനിന്നും തടയുന്നില്ലെങ്കിൽ അത്തരം നമസ്കാരം കൊണ്ട് അയാൾക്ക് ഒരു പ്രയോജനവുമില്ല. ഇതുപോലെ തന്നെയാണ് മറ്റു ആരാധനാ കർമങ്ങളും.

ഖുർആൻ ദിവസവും പാരായണം ചെയ്യുന്നതുകൊണ്ട് ഒരു വ്യക്തിയുടെ ജീവിതത്തിൽ ഒരു മാറ്റവും വരുന്നില്ല, അല്ലെങ്കിൽ അയാൾ അതിന് ശ്രമിക്കുന്നില്ല എങ്കിൽ അത്തരം ഖുർആൻ പാരായണം കൊണ്ട് എന്തു പുണ്യമാണ് അയാൾക്ക് ലഭിക്കുന്നത്? മറ്റു മതദർശനങ്ങളെ ഹൈജാക്ക് ചെയ്ത പൗരോഹിത്യം, മുസ്‌ലിം ജനസാമാന്യത്തെ ഖുർആനികാധ്യാപനങ്ങളിൽനിന്ന് അകറ്റാൻ വേണ്ടിയാണ് കേവല പാരായണത്തിന്റെ കൂലിയെയും പുണ്യത്തെയും പറ്റി പൊതുജനത്തെ തെറ്റിദ്ധരിപ്പിച്ച് അത് 'ഓതാ'നും 'ഊതാ'നും മാത്രമാക്കിത്തീർത്തത്.

**ശബ്ന അസീസ് ദമ്മാം**

# ലിംഗ നിർണയവും അദൃശ്യജ്ഞാനവും

'ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണയവും അല്ലാഹുവിന്റെ അദൃശ്യ ജ്ഞാനവും' (ലക്കം 43) എന്ന ലേഖനമാണീ കുറിപ്പിനാധാരം.

സൂറ *ലുഖ്മാ*നിലെ അവസാന ആയത്തിൽ അല്ലാഹു ആറു കാര്യങ്ങൾ പറയുന്നുണ്ട്. അതിൽ ഒന്നാണ് 'ഗർഭാശയങ്ങളിലുള്ളത് അവൻ (അല്ലാഹു) അറിയുന്നു' എന്നത്. 'അല്ലാഹുവിനു മാത്രമേ ഗർഭാശയത്തിലുള്ളത് അറിയൂ' എന്ന് അതിന് അർഥമില്ല. അങ്ങനെ അർഥം പറയാവുന്ന വിധത്തിലല്ല ആ സൂക്തഭാഗത്തിന്റെ അറബി വാക്യഘടന. അതിനാൽ ആധുനിക സൗകര്യങ്ങളുപയോഗിച്ച് ലിംഗനിർണയവും മറ്റും നടത്തുന്നത് അല്ലാഹുവിന്റെ അദൃശ്യജ്ഞാനത്തിലുള്ള കടന്നുകയറ്റമായി ധരിച്ചുകൂടാ. അത് തെറ്റാണ്.

**പി.പി അഹ്മദ് കുട്ടി അലനല്ലൂർ**

# ഇതും സാമ്രാജ്യത്വ കെണിതന്നെ

**പൗരോഹിത്യത്തിന്റെയും** സാമ്രാജ്യത്വത്തിന്റെയും പണിപ്പുരകൾ സൃഷ്ടിച്ചുവിടുന്ന ആൾദൈവങ്ങൾ നാട്ടിലുടനീളം ഇരകൾക്കു വേണ്ടി വല വിരിച്ചിരിക്കുന്നു. ഇതു കെണിയാണെന്ന് അറിയാത്തവർ അതിൽ ചെന്ന് ചാടുന്നു. കുടുങ്ങിക്കഴിഞ്ഞാൽ 'കണ്ണി' പൊട്ടിച്ച് പുറത്തു കടക്കുക പ്രയാസം.

ഇരകൾ ബോധവാന്മാരാകാത്ത കാലത്തോളം വേട്ടക്കാർ വിലസി വാഴുക തന്നെ ചെയ്യും. വിശ്വാസത്തിന്റെ ബാലപാഠം പോലും പഠിക്കാത്തവരാണ് ഇരകളാക്കപ്പെടുന്നവർ. പൗരോഹിത്യവും സാമ്രാജ്യത്വ സൃഷ്ടിയാണ്. കാരണം യഥാർഥ ദൈവവിശ്വാസം സാമ്രാജ്യത്വത്തിന്റെ ശത്രുവാണ്. മാത്രമല്ല, സൈബർ യുഗത്തിൽ ആൾദൈവങ്ങളുടെയെല്ലാം അടിവേരെത്തുന്നത് അമേരിക്കയിലും സഖ്യരാജ്യങ്ങളിലുമാണ്. കൊമ്പൻ സ്രാവുകൾ അലയിളക്കുമ്പോൾ, നീലത്തിമിംഗലങ്ങൾ ആഴക്കടലിൽ അലയിളക്കാതെ സസുഖം വാഴുന്നു.

**അലവി വീരമംഗലം**

# ആഇശ(റ)യുടെ വിവാഹ പ്രായം

**'പ്രവാചക** പത്നി ആഇശയുടെ പ്രായം' എന്ന *മുജീബി*ന്റെ മറുപടിക്ക് (മെയ് 17) ഒരു അനുബന്ധമാണിത്. ആഇശയുടെ വിവാഹം മുത്ഇമ്ബ്നു അദിയ്യിന്റെ മകൻ ജുബൈറുമായി നിശ്ചയിക്കപ്പെട്ടിരുന്നു. അന്ന് ഖുറൈശികൾ സാധാരണ തങ്ങളുടെ പെൺകുട്ടികളെ വിവാഹം കഴിച്ചുകൊടുക്കാറുള്ള പ്രായത്തിൽ ആഇശ എത്തിയിരുന്നു എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. പത്നി ഖദീജ മരിച്ചതിനു ശേഷം നബി തിരുമേനിയോട് ഖൗല എന്ന സ്ത്രീ, 'താങ്കൾ വിവാഹം കഴിക്കുന്നുവോ' എന്നു ചോദിച്ചപ്പോൾ ആരെയാണെന്ന് അവിടുന്നു ചോദിച്ചു. ആഇശയുടെയും സൗദയുടെയും പേരാണ് ഖൗലാ പറഞ്ഞത്. ആഇശയുടെ പേര് പറഞ്ഞതുകൊണ്ട് നാട്ടുനടപ്പനുസരിച്ച് ആഇശക്ക് വിവാഹപ്രായമായിരുന്നു എന്ന് അനുമാനിക്കാം.

അവൾക്ക് ചെറുപ്രായമല്ലേ, ഞാനെങ്ങനെ വിവാഹം കഴിക്കും എന്നു അവിടുന്ന് തിരിച്ചുചോദിക്കുകയുണ്ടായില്ല. ആഇശയുടെ പിതാവ് അബൂബക്കറും 'അവൾക്ക് പ്രായമായില്ലല്ലോ' എന്ന് പറഞ്ഞിട്ടില്ല.

ജുബൈറുബ്നു മുത്ഇമുമായി ആഇശയുടെ വിവാഹം നിശ്ചയിക്കപ്പെടുമ്പോൾ അദ്ദേഹത്തിന് 40 വയസ്സിലധികം പ്രായമുണ്ടായിരുന്നു എന്നാണ് മനസ്സിലാവുന്നത്. കാരണം അദ്ദേഹം അന്ന് ദാറുന്നദ്‌വ(ഖുറൈശികളുടെ പാർലമെന്റ്)യിൽ അംഗമായിരുന്നു. ഇതിൽ അംഗത്വം കിട്ടണമെങ്കിൽ 40 വയസ് കഴിഞ്ഞിരിക്കണം. നബി(സ)യെ വധിക്കാൻ തീരുമാനമെടുത്ത ആ സദസ്സിൽ ജുബൈറും ഉണ്ടായിരുന്നു.

ആഇശയുടെ ജനന തീയതിയോ വിവാഹ രേഖകളോ ലഭ്യമല്ല. എല്ലാം ഊഹിച്ച് പറയുകയാണ്. ഏതായാലും മക്കക്കാർ സാധാരണ തങ്ങളുടെ പെൺകുട്ടികളെ വിവാഹം കഴിച്ചുകൊടുക്കാറുള്ള പ്രായമെത്തിയിരുന്നു ആഇശക്ക് എന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യങ്ങൾ പണ്ഡിതന്മാരും ചരിത്രകാരന്മാരും അവഗണിച്ചതുകൊണ്ടാവാം ആഇശയുടെ വിവാഹ പ്രായത്തെച്ചൊല്ലി അഭിപ്രായ ഭിന്നതകൾ ഉണ്ടായത്.

**എം. സഅ്ദുല്ല**
***സന്മാർഗ* വാരിക, മംഗലാപുരം**